"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള പഞ്ചായത്ത് രാജ് ആക്ട് - മലപ്പുറം ജില്ല - ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.06.2021-ലെ 1/109, 19.07.2021-ലെ 112 തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.2527/2024/LSGD തീയതി, തിരുവനന്തപുരം, 23-12-2024

---

പരാമർശം:-

1. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.06.2021, 19.07.2021 തീയതികളിലെ യഥാക്രമം 1/109, 112 നമ്പർ തീരുമാനങ്ങൾ.
2. ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.07.2021 തീയതിയിലെ എ4-3396/21 നമ്പർ കത്ത്.
3. 17/08/2021-ലെ സ.ഉ.(സാധാ.)നം. 1590/2021/തസ്വഭവ
4. ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 31.05.2024-ലെ റഫറൻസ് നം.05/2021 ഉത്തരവ്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിലെ ഓർക്കാട്ടേരി ടൗണിൽ ശ്രീ. ഇബ്രാഹിം.കെ.പി, പ്രസിഡന്റ്, ഹിദായത്തുൽ ഇസ്ലാം മദ്രസ കമ്മിറ്റി എന്ന വ്യക്തി ഒക്യുപൻസി മാറ്റുന്നതിന് നൽകിയ അപേക്ഷയിന്മേൽ, കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയ നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 235W2(1) വകുപ്പനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസിനെതിരെ ശ്രീ. ഇബ്രാഹിം കെ.പി പഞ്ചായത്ത് ഭരണസമിതി മുമ്പാകെ ഡീംഡ് ഒക്യുപൻസി സംബന്ധിച്ച് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത വിഷയം പരിശോധിച്ച 21.06.2021-ലെ പഞ്ചായത്ത് ഭരണസമിതി യോഗം, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 235W2(1) വകുപ്പനുസരിച്ച് പഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസിനെതിരെയുള്ള അപ്പീൽ പരിഗണിക്കാൻ ഭരണസമിതിക്ക് അധികാരമില്ലെന്ന സെക്രട്ടറിയുടെ നിർദ്ദേശം പരിഗണിക്കാതെ ഒക്യുപൻസി മാറ്റി നൽകുന്നതിന് 1/109 നമ്പരായി തീരുമാനിക്കുകയുമുണ്ടായി.

2. പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ഭരണസമിതിക്ക് നൽകിയ കത്ത് 19.07.2021-ലെ യോഗത്തിൽ ചർച്ച ചെയ്യുകയും 21.06.2021-ലെ 109 നമ്പരായി കൈക്കൊണ്ട തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് തീരുമാനിക്കുകയും (തീരുമാനം നമ്പർ 112) ചെയ്തു. തുടർന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളനുസരിച്ച് പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ടി തീരുമാനങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. ഏറാമല പഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട പരാമർശം (1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമാനുസൃതമല്ലാത്തതായി കണ്ടതിനെത്തുടർന്ന് ടി തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(4) പ്രകാരം സ്റ്റേ ചെയ്യും വകുപ്പ് 191(2) പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്യും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

4. കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 235W(3) പ്രകാരം കെട്ടിടം പൊളിച്ചു നീക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ ഉത്തരവ് നിലവിലുള്ളപ്പോഴാണ് ഒക്യുപൻസി മാറ്റത്തിനുള്ള അപേക്ഷ പഞ്ചായത്ത് ഭരണസമിതി പരിഗണിച്ചതെന്നും അപേക്ഷകൻ അപ്പീൽ ഫയൽ ചെയ്യേണ്ടിയിരുന്നത് ട്രൈബ്യൂണലിൽ ആയിരുന്നുവെന്നും എന്നാൽ പഞ്ചായത്തിലാണ് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതെന്നും അതിനാൽ പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാതെയുള്ള പരാമർശം (1) പ്രകാരമുള്ള ഭരണസമിതിയുടെ തീരുമാനങ്ങൾ നിയമപരമല്ലെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറാമല ഗ്രാമപഞ്ചായത്തിന്റെ 26.01.2021-ലെ 1/109, 19.0.7.2021-ലെ 112 നമ്പർ തീരുമാനങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ, കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(2) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി തീരുമാനങ്ങൾ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രസിഡന്റ്, ഏറാമല ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധികരിയ്ക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ ( വെബ് & ന്യൂ മീഡിയ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (RB3/164/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 23-12-2024 13:13:02